## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5758 — 02.07.2014 ൽ മറുപടിക്ക്.

## വേരിയബിൾ ഡി. എ നിർണ്ണയിക്കുന്നതിന്റെ അടിസ്ഥാന വർഷം പുനർനിർണ്ണയം

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) വ്യവസായ തൊഴിലാളികളുടെ വേരിയബിൾ ഡി. എ നിർണ്ണയിക്കുന്നതിന്റെ അടിസ്ഥാനവർഷം പുനർനിർണ്ണയം ചെയ്യുന്നതിനു വേണ്ടി ഏതെങ്കിലും കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) കാർഷിക വ്യവസായ തൊഴിലാളികളുടെ വേരിയബിൾ ഡി.എ നിർണ്ണയിക്കുന്നതിന് 2011 - 12 അടിസ്ഥാന വർഷമായി സ്വീകരിച്ചുകൊണ്ട് ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് സംസ്ഥാനത്ത് കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തി ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ ഉപഭോക്തൃ വില സൂചിക നിർണ്ണയിക്കുന്നതിനുള്ള അന്തിമ നടപടികൾ ടി വകുപ്പ് സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത റിപ്പോർട്ടിന്മേൽ യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | പ്രസ്തുത റിപ്പോർട്ട് ഈ സർവ്വേയുടെ മേൽനോട്ടത്തിനായി രൂപീകരിച്ച സംസ്ഥാനതല സമിതി (കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി 2010) ചർച്ച ചെയ്തംഗീകരിക്കുകയും ആയതിന് 31.08.2013 ലെ സ.ഉ (എം. എസ്) നം. 103/2013/തൊഴിൽ ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നതിനുള്ള സാങ്കേതിക പ്രവർത്തനങ്ങൾ (ലിങ്കിങ് ഫാക്ടർ നിർണ്ണയിക്കൽ, സോഫ്റ്റ് വെയർ തയ്യാറാക്കൽ, ഡാറ്റാ എൻട്രി) പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | എങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കാമോ; | | |
| (ഡി) | ഈ വർഷത്തിൽ വ്യവസായ വകുപ്പും തൊഴിൽ വകുപ്പും സംയുക്തമായി ആലോചിച്ച് ഇതു സംബന്ധിച്ച് നടപടി സ്വീകരിക്കുമോ? | (ഡി) | ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നതിനുള്ള സംസ്ഥാനത്തെ നോഡൽ ഏജൻസി സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പാണ്. തൊഴിൽ വകുപ്പ് പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് നൽകുന്നു. വ്യവസായ വകുപ്പിന് ഈ പ്രവർത്തനങ്ങളിൽ ബന്ധമില്ല. ഈ സാമ്പത്തിക വർഷം തന്നെ പുതിയ ഉപഭോക്തൃ വില സൂചിക നിലവിൽ വരുന്നതിനുള്ള നടപടികൾ സ്വികരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ.